REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഇന്നലെ രാത്രി പത്തരയ്ക്ക് ശേഷം ഇന്ത്യ- പാക് അതിർത്തിയിൽ വെടിനിർത്തൽ ലംഘനങ്ങളോ, ഡ്രോൺ ആക്രമണങ്ങളോ ഉണ്ടായില്ലെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ .
- വെടിനിർത്തൽ ധാരണയെ ലോകനേതാക്കൾ അഭിനന്ദിച്ചു.
- KPCC പ്രസിഡന്റായി സണ്ണി ജോസഫ് നാളെ പാർട്ടി ആസ്ഥാനത്ത് ചുമതലയേൽക്കും.
- തിരുവനന്തപുരം ആകാശവാണി നിലയം സ്വാതി തിരുനാൾ സംഗീതോത്സവത്തിന്റെ ഭാഗമായി സംഗീതാർച്ചന സംഘടിപ്പിച്ചു.
- ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ഫൈനലിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യ മെച്ചപ്പെട്ട നിലയിൽ.

## വാർത്തകൾ വിശദമായി

ഇന്ത്യ- പാക് അതിർത്തിയിൽ ഇന്നലെ രാത്രി കാര്യമായ വെടിനിർത്തൽ ലംഘനങ്ങളോ, ഡ്രോൺ ആക്രമണങ്ങളോ ഉണ്ടായില്ലെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു. രാത്രി പത്തരയ്ക്കു ശേഷം സൈനിക നടപടികളോ, കടന്നുകയറ്റ ശ്രമങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല. സായുധ സേനയും, അതിർത്തി രക്ഷാസേനയും അതിർത്തി മേഖലയിൽ കനത്ത ജാഗ്രത പുലർത്തുകയാണ്.

പുതിയ വെടിനിർത്തൽ ലംഘന സംഭവങ്ങൾ ഉണ്ടാകാത്ത സാഹചര്യത്തിൽ അതിർത്തി മേഖല ഏറെക്കുറേ സാധാരണ നിലയിലേക്ക് മാറിയിട്ടുണ്ട്.

ഇന്നലെ രാത്രി പാകിസ്ഥാൻ അതിർത്തിയിൽ വെടിനിർത്തൽ ധാരണ ലംഘിച്ചതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി വെളിപ്പെടുത്തി. പാകിസ്ഥാന്റെ നീക്കത്തിന് ഇന്ത്യൻ സേന തക്ക തിരിച്ചടി നൽകിയതായും അദ്ദേഹം മാധ്യമങ്ങളെ അറിയിച്ചു.

അതീവ ഗുരുതരമായാണ് പാകിസ്ഥാൻ നടപടിയെ ഇന്ത്യ കാണുന്നതെന്ന് മിസ്രി വ്യക്തമാക്കി. വിഷയം ഗൗരവത്തോടെയും, ഉത്തരവാദിത്വത്തോടെയും കൈകാര്യം ചെയ്യണമെന്ന് പാകിസ്ഥാനോട് ആവശ്യപ്പെട്ടതായി അദ്ദേഹം പറഞ്ഞു.

അതിർത്തിയിലെ സൈനിക നടപടി അവസാനിപ്പിക്കാൻ ഇന്നലെ വൈകിട്ട് ഇരുരാജ്യങ്ങളുടെയും മിലിറ്ററി ഓപ്പറേഷൻസ് ഡയറക്ടർ ജനറൽമാരുടെ ചർച്ചയിൽ ധാരണയായിരുന്നു. എന്നാൽ തീരുമാനം എടുത്ത് മണിക്കൂറുകൾക്കകം പാകിസ്ഥാന്റെ ഭാഗത്തു നിന്ന് ലംഘനം ഉണ്ടായി.

പാകിസ്ഥാനുമായി അതിർത്തി പങ്കിടുന്ന ജമ്മുകശ്മീർ, ഗുജറാത്ത്, പഞ്ചാബ് സംസ്ഥാനങ്ങളിൽ സൈന്യം പിഴവറ്റ നിരീക്ഷണവും, ജാഗ്രതയും പുലർത്തി വരികയാണ്.

ചീഫ് സെക്രട്ടറിമാരുമായി ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ വിഡിയോ കോൺഫറൻസിലൂടെ യോഗം ചേർന്നു. ജാഗ്രത പാലിക്കാനും സുരക്ഷാ സജ്ജീകരണങ്ങൾ തുടരാനും ആഭ്യന്തര സെക്രട്ടറി ആവശ്യപ്പെട്ടു.

✪✪✪

ഇന്ത്യയും പാകിസ്ഥാനും വെടിനിർത്തൽ ധാരണയിൽ എത്തിയതിനെ ലോകനേതാക്കൾ അഭിനന്ദിച്ചു. ഇരുരാജ്യങ്ങൾക്കുമിടയിലെ സംഘർഷം കുറയ്ക്കാൻ ഇത് വഴിയൊരുക്കുമെന്ന് UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസും, UK വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമിയും പറഞ്ഞു. യൂറോപ്യൻ യൂണിയൻ വിദേശകാര്യ മേധാവി കാജാ കല്ലാസും വെടിനിർത്തൽ ധാരണയെ സ്വാഗതം ചെയ്തു. മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കാൻ നടപടി വഴിയൊരുക്കുമെന്ന് സൗദി അറേബ്യൻ വിദേശകാര്യമന്ത്രാലയവും വിലയിരുത്തി.

✪✪✪

പല യുദ്ധ വീഡിയോ ഗെയിമുകളിലെയും പോരാട്ട ദൃശ്യങ്ങൾ, യഥാർത്ഥ സംഭവങ്ങളെന്ന നിലയിൽ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ടെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഫാക്ട് ചെക് യൂണിറ്റ് അറിയിച്ചു. ഇത്തരം ഫുട്ടേജുകൾ യഥാർത്ഥ വീഡിയോകളാണെന്ന് തെറ്റിദ്ധരിക്കരുതെന്ന് PIB അഭ്യർത്ഥിച്ചു.

✪✪✪

ഇന്ന് ദേശീയ സാങ്കേതിക ദിനം. 1998-ൽ രാജസ്ഥാനിലെ പൊഖ്റാനിൽ ഇന്ത്യ നടത്തിയ വിജയകരമായ ആണവപരീക്ഷണത്തിന്റെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും മെയ് 11 ദേശീയ സാങ്കേതിക ദിനം ആചരിക്കുന്നത്. ദൈനംദിന ജീവിതത്തിൽ സാങ്കേതികവിദ്യയുടെ പങ്ക് വ്യക്തമാക്കാനും ശാസ്ത്ര സാങ്കേതിക താൽപര്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ദേശീയ സാങ്കേതിക ദിനം ലക്ഷ്യമിടുന്നു.

✪✪✪

ദേശീയ സാങ്കേതിക ദിനത്തിൽ ജനങ്ങൾക്ക് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് ആശംസ നേർന്നു. ജനജീവിതത്തിൽ മികച്ച മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സംഭാവന നൽകുന്ന ശാസ്ത്രജ്ഞരെയും, എഞ്ചിനീയർമാരെയും, സാങ്കേതിക വിദഗ്ധരെയും ഇന്ത്യ അഭിവാദ്യം ചെയ്യുന്നുവെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

കേരള തീരത്ത് തെക്കുപടിഞ്ഞാറൻ കാലവർഷം ഈ മാസം 27 ഓടെ എത്തിയേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പതിവ് കാലവർഷാരംഭത്തിന് അഞ്ച് ദിവസം നേരത്തെ മഴക്കാലം എത്തുമെന്നാണ് വിലയിരുത്തൽ. കാലവർഷം സാധാരണയിലും കൂടുതലായിരിക്കുമെന്നും IMD കണക്കാക്കുന്നു.

✪✪✪

KPCC പ്രസിഡന്റായി സണ്ണി ജോസഫ് MLA നാളെ ചുമതലയേൽക്കും. തിരുവനന്തപുരത്ത് KPCC ആസ്ഥാനത്ത് രാവിലെ 9.30 നാണ് ചടങ്ങ്. K.സുധാകരൻ MP യിൽ നിന്നാണ് സണ്ണി ജോസഫ് ചുമതലയേറ്റെടുക്കുന്നത്.

ഇന്ത്യ - പാകിസ്ഥാൻ സംഘർഷ സാഹചര്യത്തിൽ KPCC ആസ്ഥാനത്ത് മുതിർന്ന നേതാക്കളുടെ സാന്നിധ്യത്തിൽ നടക്കുന്ന ലളിതമായ ചടങ്ങുകളോടെ ആയിരിക്കും പരിപാടി.

✪✪✪

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആഭരണ മോഷണവുമായി ബന്ധപ്പെട്ട പൊലീസ് അന്വേഷണം പുരോഗമിക്കുന്നു. നിർണായകമായ CC TV ദൃശ്യങ്ങൾ പൊലീസിന് ലഭിച്ചതായാണ് സൂചന. ലോക്കർ പൊളിച്ചിട്ടില്ലെന്ന് പൊലീസ് നടത്തിയ പരിശോധനയിൽ കണ്ടെത്തി. ക്ഷേത്രഭരണ സമിതിയുടെ ലോക്കറിൽ സൂക്ഷിച്ചിരുന്ന 13 പവൻ സ്വർണ ദണ്ഡാണ് മോഷണം പോയത്. ബുധനാഴ്ച തത്കാലത്തേക്ക് നിർത്തിവച്ച ജോലി പുനരാരംഭിച്ചപ്പോഴാണ് ഇത് കാണാതായത് ശ്രദ്ധയിൽപ്പെട്ടത്.

✪✪✪

തിരുവനന്തപുരം ആകാശവാണി നിലയം സ്വാതി തിരുനാൾ സംഗീതോത്സവത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സംഗീതാർച്ചന സംഘടിപ്പിച്ചു. പ്രശസ്ത സംഗീതജ്ഞർ പരിപാടിയിൽ പങ്കെടുത്തു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രജു കോലിയക്കോട്.

.....(വോയ്സ്)........

✪✪✪

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ഫൈനലിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യ മെച്ചപ്പെട്ട നിലയിൽ.

കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 34.2 ഓവറിൽ ഇന്ത്യ 2 വിക്കറ്റ് നഷ്ടത്തിൽ 200 റൺസെടുത്തിട്ടുണ്ട്.

✪✪✪

കേരള പ്രീമിയർ ലീഗ് ഫുട്ബോൾ ഗ്രാൻഡ് ഫിനാലെയിൽ ഇന്ന് കേരള പോലീസ്, മുത്തൂറ്റ് ഫുട്ബോൾ അക്കാദമിയെ നേരിടും. കോഴിക്കോട് EMS കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് കിക്കോഫ്. പ്രവേശനം സൗജന്യമാണ്. ജേതാക്കൾക്ക് അഞ്ച് ലക്ഷം രൂപയും, രണ്ടാം സ്ഥാനക്കാർക്ക് മൂന്ന് ലക്ഷം രൂപയും ലഭിക്കും. I.M വിജയൻ, C.V പാപ്പച്ചൻ, K.T. ചാക്കോ തുടങ്ങിയ പ്രതിഭകൾ ഫൈനൽ മത്സരം കാണാനെത്തും.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ മഹാരാഷ്ട്ര കുതിപ്പ് തുടരുന്നു. 27 സ്വർണവും 22 വെള്ളിയും ഉൾപ്പെടെ 74 മെഡലുകളാണ് മഹാരാഷ്ട്ര നേടിയത് . 14 സ്വർണം ഉൾപ്പെടെ 39 മെഡൽ നേടിയ കർണാടകയാണ് രണ്ടാം സ്ഥാനത്ത്. 23 മെഡലുകൾ നേടിയ രാജസ്ഥാൻ മൂന്നാം സ്ഥാനത്താണ്.

✪✪✪

ഇന്ന് ലോക മാതൃദിനം. മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് മാതൃദിനമായി ആചരിക്കുന്നത്. അമ്മമാരുടെ സ്നേഹവും കരുതലും ലോകം നന്ദിയോടെ സ്മരിക്കുന്ന ദിവസം.

1908-ൽ അമേരിക്കക്കാരിയായ അന്ന ജാർവിസ് ആണ് മാതൃദിനാഘോഷത്തിന് തുടക്കമിട്ടത്. മദേഴ്സ് ഡേ-വർക്ക് ക്ലബ്ബുകൾ സ്ഥാപിച്ച സമാധാന പ്രവർത്തകയായിരുന്ന അമ്മ ആൻ റീവ്സ് ജാർവിസിനെ അനുസ്മരിക്കുന്നതിന് വേണ്ടിയാണ് അന്ന ഈ പരിപാടി സംഘടിപ്പിച്ചത്.

ദിനാചരണത്തിന്റെ ഭാഗമായി, യുവാക്കളിലെ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം ചെറുക്കാൻ വൈകിട്ട് തിരുവനന്തപുരം വെള്ളയമ്പലം മാനവീയം വീഥിയിൽ ' ലൗ യു മാം' എന്ന ലഹരി വിരുദ്ധ പരിപാടി സംഘടിപ്പിക്കും. ലക്ഷക്കണക്കിന് യുവാക്കൾ ലഹരിമരുന്നിൽ നിന്ന് ജീവിതകാലം മുഴുവൻ വിട്ടു നിൽക്കുമെന്ന് അമ്മമാർക്ക് ഉറപ്പുനൽകുന്ന പരിപാടിയാണിത്.

✪✪✪

സപ്ലൈകോ സ്കൂൾ മാർക്കറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ തിരുവനന്തപുരത്ത് മന്ത്രി G.R അനിൽ നിർവഹിക്കും. സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും തെരഞ്ഞെടുത്ത സൂപ്പർമാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും കേന്ദ്രീകരിച്ച് സ്കൂൾ മാർക്കറ്റുകൾ ആരംഭിക്കും. വിദ്യാർഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ 17 ശതമാനം വരെ വിലക്കുറവിൽ മാർക്കറ്റുകളിൽ ലഭ്യമാക്കും.

✪✪✪

അതിർത്തി സംഘർഷത്തെ തുടർന്ന് പഞ്ചാബ് കേന്ദ്ര സർവ്വകലാശാലയിലെ മലയാളി വിദ്യാർത്ഥികൾക്ക് നാട്ടിലേയ്ക്ക് മടങ്ങാൻ അനുമതിയ്ക്ക് മന്ത്രി ഡോ. R ബിന്ദു ഇടപെട്ടു. വിദ്യാർത്ഥികൾക്ക് വേണ്ട സഹായം നൽകണമെന്ന് വൈസ് ചാൻസലർക്കും കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയ്ക്കും മന്ത്രി കത്തെഴുതി.

ഡൽഹിയിൽ എത്തിയ മലയാളി വിദ്യാർത്ഥികളെ സുരക്ഷിതമായി നാട്ടിലേക്ക് എത്തിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും മന്ത്രി തൃശൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

✪✪✪

ട്രാൻസ്ജെൻഡറുകൾക്കായി എറണാകുളം കാക്കനാട്ട് ആരംഭിക്കുന്ന ക്രൈസിസ് ഇന്റർവെൻഷൻ കേന്ദ്രം മന്ത്രി ഡോ:R.ബിന്ദു നാളെ ഉദ്ഘാടനം ചെയ്യും. ട്രാൻസ്ജെൻഡറുകൾ നേരിടുന്ന പ്രതികൂല സാഹചര്യങ്ങളും വെല്ലുവിളികളും നേരിടാനാവശ്യമായ ഇടപെടലുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രം നടത്തുമെന്ന് നേരത്തെ മന്ത്രി അറിയിച്ചിരുന്നു.

✪✪✪

സഞ്ചാരികളെ ആകർഷിച്ച് ഇടുക്കിയിലെ തേയില തോട്ട മേഖലയിൽ ഗുൽമോഹർ പൂത്തുലഞ്ഞു. മൂന്നാർ വാഗവരെ എസ്റ്റേറ്റിലും, ലക്കം വെള്ളച്ചാട്ടത്തിന് സമീപം ചട്ടമൂന്നാർ ഭാഗത്തുമൊക്കെ മെയ്ഫ്ലവർ എന്ന ചുവന്ന വാക വ്യാപകമായി പൂവിട്ട കാഴ്ച അതിമനോഹരമാണ്.

ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട്.

...... (വോയ്സ്) .....

✪✪✪

നിപ റിപ്പോർട്ട് ചെയ്ത മലപ്പുറം ജില്ലയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജോയിന്റ് ഔട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചു. പനി സർവെയുടെ ഭാഗമായി ഇന്നലെ 1,781 വീടുകളിൽ ആരോഗ്യപ്രവർത്തകർ എത്തിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു.

നിപ ബാധിതയുടെ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ട എട്ട് പേരുടെ പരിശോധനാഫലം കൂടി നെഗറ്റീവായതായി മന്ത്രി പറഞ്ഞു. ഇതോടെ പരിശോധിച്ച 25 സാമ്പിളുകളിലും വൈറസ് സാന്നിധ്യം കണ്ടെത്തിയില്ല. ഇന്നലെ 37 പേരെ പുതുതായി സമ്പർക്കപ്പട്ടികയിൽ ഉൾപ്പെടുത്തി.

✪✪✪

കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച ക്യാപ്റ്റൻ വിക്രമിന്റെ പിതാവ് റിട്ട. ലെഫ്റ്റനന്റ് കേണൽ PKP വിശ്വനാഥ പണിക്കരുടെ സംസ്കാരം വൈകിട്ട് കോഴിക്കോട് മാനാരി ശ്മശാനത്തിൽ നടത്തും.

കോഴിക്കോട് പന്നിയങ്കരയിലെ ഫ്ലാറ്റിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. 1965 ലെയും 1971 ലെയും ഇന്ത്യ- പാക് യുദ്ധങ്ങളിൽ വിശ്വനാഥ പണിക്കർ പങ്കെടുത്തിരുന്നു.

✪✪✪

ഇടുക്കി ജില്ലയിലെ ചരിത്ര പ്രസിദ്ധമായ മംഗളാദേവി ക്ഷേത്രത്തിലെ ചിത്രാപൗർണ്ണമി ഉത്സവം നാളെ നടത്തും. ഭക്തർക്ക് യാത്രാ സൗകര്യം ലഭ്യമാക്കാൻ മുന്നൊരുക്കങ്ങൾ പൂർത്തിയാക്കിയതായി ജില്ലാ ഭരണകൂടം അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലയിലെ മലയോര മേഖലയിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ വീടുകളിൽ കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശം നൽകി. ജില്ലയിൽ ഇതുവരെ 586 ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആറളം, കൊട്ടിയൂർ പഞ്ചായത്തുകളിൽ 40 വീതം കേസുകൾ റിപ്പോർട്ട് ചെയ്തു.

✪✪✪

---

*News Reader: രജിന കെ ആസാദ്* *News Team: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ,,* *DEO: ഷീബ*